തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി : (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) ഇല്ല.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

മാനേജ്മെൻറ് സ്കൂളുകൾ ഉറക്കുന്നതല്ല എന്ന നിശ്ചയം.

* 1692. [8] ശ്രീ. തോമസ് ജാൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്നത്തേക്ക് വിദ്യാലയങ്ങൾ ഉറക്കുവാനാണ് ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ളത് ;

(ബി) ഈ സംസ്ഥാനത്തെ മാനേജ്മെൻറ് സ്കൂളുകൾ കേരളവിദ്യാഭ്യാസബിൽ നിയമം പിൻവലിക്കാതെ ഉറക്കുന്നതല്ല എന്നുള്ള പരാതി ഗവൺമെൻറിനു് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഈ പരാതികളെ സംബന്ധിച്ച് ഗവൺമെൻറ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) 15-6-1959-ൽ
(ബി) ചില പരാതികൾ കിട്ടിയിട്ടുണ്ട്.
(സി) സ്കൂളുകളുടച്ചാൽ അപ്പോൾ ആവശ്യമായ നടപടികൾ എടുക്കും.

ശ്രീ. തോമസ് ജാൺ : കേരളഗവൺമെൻറ് മാറാതെ ഈ സ്കൂളുകൾ ഉറക്കുന്നതല്ല എന്നു് മന്ത്രി പത്മനാഭൻ പ്രഖ്യാപിച്ചിട്ടുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതൊന്നും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. തോമസ് ജാൺ : ഇത്ര ഗംഭീരമായ ഒരു അജിറേഷൻ ഈ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു പറഞ്ഞു. ഇപ്രകാരം ശ്രദ്ധിക്കാതിരിക്കുന്നതുകൊണ്ട് ഈ നാട്ടിൽ കുഴപ്പങ്ങൾ ഉണ്ടാകാൻ ഇടയാകുന്നു എന്നല്ലേ മനസ്സിലാക്കേണ്ടതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇതു സംബന്ധിച്ചു് യഥായോഗ്യം ശ്രദ്ധിച്ചുവരികയാണു്.

ശ്രീ. സി. എ. മാത്യു : 1-ാം നു സ്കൂളുകൾ ഉറക്കേണ്ടതു് 15-ാം നു യ്ക്കു് മാറാനുള്ള കാരണം എന്താണു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പല കാരണങ്ങളുമുണ്ടു്.

ശ്രീ. സി. എ. മാത്യു : പല കാരണങ്ങൾ എന്തെല്ലാമാണെന്നു് പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഡിപ്പാർട്ടുമെൻറലായിട്ടുള്ള കാരണങ്ങളാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഇപ്പോഴും 15-ാം നുയല്ല വീണ്ടും നീട്ടാൻ ഇടയുണ്ടു് എന്നു കേൾക്കുന്നതു ശരിയാണോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : ജൂൺ 1-ാം തന്നെ സ്കൂൾ തുറക്കുന്നതാണെന്നു മന്ത്രി പ്രസ്താവിച്ചുകഴിഞ്ഞു. ഒരു മണിക്കൂറിനകം ഡയറക്ടർ ജൂൺ 15-ാംതു മാത്രമേ സ്കൂളുകൾ തുറക്കുകയുള്ളൂ എന്നു് ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി. അങ്ങനെ ഒരു ഉത്തരവു പുറപ്പെടുവിക്കാൻ കാരണമെന്താണു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഒരു മണിക്കൂറിനകം ഡയറക്ടർ ഉത്തരവു പുറപ്പെടുവിച്ചതായി അറിവില്ല. ആദ്യം ജൂൺ 1-ാംതു സ്കൂൾ തുറക്കുമെന്നു പ്രസ്താവിച്ചു. എന്നാൽ പിന്നീടു ഡിപ്പാർട്ടുമെൻറലായിട്ടുള്ള ചില കാരണങ്ങളാൽ പതിനഞ്ചാം തീയതിവരെ അതു നീട്ടിയിട്ടുണ്ടു്. അതനുസരിച്ചു് ഡയറക്ടരുടെ ഉത്തരവുണ്ടായി.

ശ്രീ അലക്സാണ്ടർ പറമ്പിത്തറ : ജൂൺ 1-ാം തന്നെ വിദ്യാഭ്യാസ ആകെ'റവു' നടപ്പിൽ വരുത്തിയോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ശമ്പളറവു' നോക്കിയാൽ അതു അറിയാമായിരിക്കും.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : വിദ്യാഭ്യാസ ആകെ'റവനുസരിച്ചുള്ള റൂളുകളും മുഴുവൻ നടപ്പിൽ വരുത്തിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പ്രസക്തങ്ങളായ ഭാഗങ്ങളും നോട്ടിഫൈ ചെയ്തിട്ടുണ്ടു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : ബാക്കിയുള്ള ഭാഗങ്ങളെ സംബന്ധിച്ചു് റൂളുകളും ഉണ്ടാക്കാൻ നടപടികളും എടുത്തുതുടങ്ങിയോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : നടപടി എടുത്തു വരികയാണു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : അതിനു എത്ര സമയം വേണ്ടിവരും ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : കഴിയുന്നതും വേഗത്തിൽ റൂളുകളും തയാറാക്കി നടപ്പിൽ വരുത്താൻ ശ്രമിക്കുന്നതാണു്.

ശ്രീ. ടി. കൃഷ്ണൻ : ജൂൺ 15-ാം നുക്കകം ഈ കുഴപ്പങ്ങളെല്ലാം അവസാനിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പല ആളുകളുടേയും കുഴപ്പങ്ങളും അവസാനിക്കുമോ എന്നു പറയാൻ വിഷമമുണ്ടു്. ഡിപ്പാർട്ടുമെൻറലായിട്ടുള്ള കുഴപ്പങ്ങളും അവസാനിക്കും.

ശ്രീമതി കുസുമം ജോസഫ് : ചില പരാതികളും ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഏകദേശം എത്ര പരാതികളും ലഭിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : നോട്ടീസു വേണം.

ശ്രീ. തോമസ് ജാൺ : ജൂൺ 15-ാം നുശേഷവും സ്കൂളുകളും തുറക്കാൻ നിശ്ചയിച്ചിട്ടില്ല എന്നു കേൾക്കുന്നതു ശരിയാണോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു ശരിയല്ല എന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സ്കൂൾ തുറക്കുന്നതല്ല എന്നു പറയുന്നതു് പരാതിയാണോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പരാതിയല്ല, ഭീഷണിയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സ്കൂൾ തുറക്കുന്നതല്ല എന്ന വിവരം ഗവൺമെൻറിനെ അറിയിക്കേണ്ട രീതി എല്ലാ പ്രദേശങ്ങളെ സംബന്ധിച്ചും ഒന്നുതന്നെയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി: മലബാറിൽ ഒരു കൊല്ലം മുമ്പും തിരുവിതാംകൂർ–കൊച്ചിയിൽ മൂന്നു കൊല്ലം മുമ്പും വിദ്യാഭ്യാസനിയമത്തിലെ വ്യവസ്ഥയനുസരിച്ചു് നോട്ടീസു് കൊടുക്കണം.

ശ്രീ. ടി. ഓ. ബാവാ: രണ്ടും മൂന്നും ക്ലാസുകളിലെ പുസ്തകങ്ങൾ പ്രസിഡീകരിക്കുന്നതു് സംബന്ധിച്ചു് ചില വ്യവസ്ഥകൾ വിദ്യാഭ്യാസമന്ത്രി അംഗീകരിക്കുന്നതിനു വേണ്ടി താമസിക്കുന്നതുകൊണ്ടു് ഇങ്ങനെ സ്കൂൾ തുറക്കാൻ 15-ാംനു വരെ താമസിച്ചതാണെന്നു് പറയുന്നതു് ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ശരിയല്ല.

വക്കിംഗ് ജേണ്ണലിസ്റ്റിന്റെ വേജ് കമ്മിറ്റി റിപ്പോർട്ട്.

* 1693. [9] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കിംഗ് ജേണ്ണലിസ്റ്റിന്റെ വേജ് കമ്മിറ്റി ഗവണ്മെന്റിലേയ്ക്കുള്ള റിപ്പോർട്ട് തയാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ കമ്മിറ്റി എന്നാണു് നിയമിച്ചതു്, ആരെല്ലാമാണു് അതിലെ അംഗങ്ങൾ;

(സി) എന്തെല്ലാം ശുപാർശകളാണു് വക്കിംഗ് ജേണ്ണലിസ്റ്റുകളുടെ വേതനം നിണ്ണയിക്കുന്നതിനെപ്പറ്റി റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്?

മരാമത്തുവകുപ്പുമന്ത്രി: (ശ്രീ. ടി. അബ്ദുൽ മജീദു്):

(എ, ബി, സി.) ഈ ഗവണ്മെന്റു് കമ്മിറ്റിയെ നിയമിച്ചിട്ടില്ല. ഇൻഡ്യാഗവണ്മെന്റു് ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടോ, ശുപാർശയോ ഈ ഗവണ്മെന്റു് കാണുകയുണ്ടായിട്ടില്ല.

ശ്രീ. പി. ഗോപാലൻ: ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുൽമജീദു്: ആ റിപ്പോർട്ട് ഇൻഡ്യാ വക്കിംഗ് ജേർണ്ണലിസ്റ്റിന്റെ വേജ് കമ്മിറ്റിയുടെ റിപ്പോർട്ടു് സുപ്രീംകോടതിയുടെ പരിശോധനയിലിരിക്കുകയാണു്.

ശ്രീ. ആർ. സുശീലൻ: ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണു്.

ശ്രീ. ടി. അബ്ദുൽ മജീദു്: മൂന്നു പത്രാധിപപ്രതിനിധികളും മൂന്നു പത്രമുടമകളും ലേബർ കമ്മീഷണറും പബ്ലിക്കു് റിലേഷൻസ് ഡയറക്ടറുമാണു്.

ജന്മിക്കരം.

* 1694. [10] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിവിഭാഗത്തിൽ ജന്മിക്കരം തീർച്ചപ്പെടുത്തുന്നതു സംബന്ധിച്ചുള്ള നടപടികൾ എന്നത്തേയ്ക്കു് പൂർത്തിയാകുമെന്നു് വ്യക്തമാക്കുമോ;

(ബി) തിരുവിതാംകൂറിലെ ജന്മിക്കരം ബില്ലിലെ വ്യവസ്ഥകൾ കൊച്ചിക്കുകൂടി ബാധകമാക്കാൻ ഉദ്ദേശമുണ്ടോ? ഉണ്ടെങ്കിൽ ഏതു വകുപ്പിൽ?

LIBRARY ARCHIVES Kerala Legislative Assembly